25 സെന്റിലും മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 10 സെന്റിലും കോർപ്പറേഷൻ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 5 സെന്റിലും കൂടുതൽ താമസത്തിന് ഉപയോഗിക്കുന്ന ഭൂമിയോ കൃഷിഭൂമിയോ സ്വന്തമായി ഉണ്ടാകരുത്. മുൻപ് കോർപ്പറേഷന്റെ കൃഷിഭൂമി വായ്പ ലഭിച്ചവർക്ക് വായ്പ അനുവദിക്കുന്നതല്ല.

(ഡി) പെൺകുട്ടികൾക്ക് വിവാഹം കഴിക്കുവാൻ വായ്പ നൽകുന്ന പദ്ധതി, ചെറുകിട ഇടത്തരം വരുമാനക്കാർക്കുള്ള ഭവന പദ്ധതി, കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും പ്രൊഫഷണൽ കോഴ്സുകളുടെ പി.ജി. തലത്തിൽ.....പഠനം നൽകുവാൻ വായ്പ നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അടുത്തവർഷം നടപ്പിലാക്കേണ്ട പുതിയ പദ്ധതികൾക്ക് 2000 മാർച്ച് അവസാനത്തോടെ മാത്രമേ അവസാന രൂപം ആകൂ.

3 (912) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന ധനസഹായം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) പരമാവധി ധനസഹായത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പ, ഭവന നിർമ്മാണ വായ്പ, വിദേശത്തു തൊഴിൽ തേടുന്നതിനുള്ള വായ്പ, നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള വായ്പ, വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ, വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള വായ്പ എന്നീ വായ്പകളാണ് ഇപ്പോൾ നൽകി വരുന്നത്.

(ബി) പരമാവധി ധനസഹായതുക 5 ലക്ഷം രൂപയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

4 (913) തീവ്രസങ്കേത വികസന പദ്ധതി

ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ ഏതെല്ലാം കോളനികൾ തീവ്രസങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത ഓരോ കോളനിയിലും ഏതെല്ലാം വകുപ്പുകൾ വികസന പ്രവർത്തനങ്ങൾ നടത്തി എന്നും, ഓരോ വകുപ്പും എത്ര രൂപ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കോളനികളിൽ വിവിധ വകുപ്പുകൾ വ്യക്തിഗത സഹായമായി എന്തെല്ലാം ധനസഹായങ്ങൾ നൽകി എന്ന് ഗുണഭോക്താക്കളുടെ പേരു സഹിതം വെളിപ്പെടുത്തുമോ;

(ഡി) ചെറിയനാട് പഞ്ചായത്തിലെ ആവണി ഐ.എച്ച്.സി.പി. കോളനിയിലേക്കുള്ള റോഡ് പുനഃരുദ്ധരിച്ച് ടാറിംഗ് നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ തീവ്ര സങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളുടെ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

1. കോടുകുളത്തി കരോട്
2. പുത്തല-ആലംതുരുത്ത്
3. പഴുക്കാമോടി
4. ആവണി
5. ചെറുമിക്കാട്
6. താഴാത്തറ
7. ചെമ്പകമഠം
8. കണ്ണം പിഴവത്ത്
9. കൊളത്തിത്തറ
10. പൊറ്റുമേൽക്കടവ്
11. ഇരമല്ലിക്കര
12. കൊല്ലത്തറ

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി)വിവരം ശേഖരിച്ചു വരുന്നു.

5 (914) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ പദ്ധതികളിൽ ചെലവായ തുക

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ, ട്രൈബൽ സബ്പ്ലാൻ പദ്ധതികളിൽ കഴിഞ്ഞ മൂന്നു വർഷമായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എത്രയായിരുന്നു;

(ബി) അതിൽ എന്ത് തുക ചെലവഴിച്ചു;

(സി) എന്തു തുക മിച്ചമുണ്ടായി;

(ഡി) തുക മുഴുവൻ ചെലവഴിക്കാൻ പറ്റാത്ത സാഹചര്യം എന്തായിരുന്നുവെന്ന് വിശദീകരിക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly